പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.160 — 16-06-2014-ൽ മറുപടിക്ക്

## കള്ളുവ്യവസായ വികസന ബോർഡ് രൂപീകരിക്കൽ

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. എം. ചന്ദ്രൻ:<br>" കെ. രാധാകൃഷ്ണൻ:<br>" സി. കൃഷ്ണൻ:<br>" കെ. ദാസൻ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |

(എ) കള്ളുവ്യവസായം തകർച്ചയിലായതിനാൽ ഈ രംഗത്തെ തൊഴിലാളികൾ നേരിടുന്ന പ്രയാസങ്ങൾ കണക്കിലെടുത്തിട്ടുണ്ടോ; എങ്കിൽ തൊഴിൽ സംരക്ഷിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു; ലൈസൻസിൽ പോകാത്ത കള്ളുഷോപ്പുകൾ എത്രയാണ്; ഈ രംഗത്തെ തൊഴിലാളികൾ എത്രയായിരുന്നു;

(എ) പരമ്പരാഗത, തൊഴിലധിഷ്ഠിത വ്യവസായമെന്ന നിലയിൽ കള്ളു വ്യവസായത്തേയും ഇതുമായി ബന്ധപ്പെട്ട് പണിയെടുക്കുന്ന തൊഴിലാളികളേയും സംരക്ഷിക്കുക എന്നതാണ് സർക്കാർ നയം. അനുയോജ്യമായ കെട്ടിടം കിട്ടാത്തതിനാലും, കള്ളിൽ മായം ചേർത്തതിന്റെ പേരിൽ ലൈസൻസികൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തതിനാലും ചില കള്ളുഷോപ്പുകൾ അടഞ്ഞു കിടക്കുന്നുണ്ട്. ഈ മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുന്നതിനും തൊഴിൽ ഉറപ്പു വരുത്തുന്നതിനുമായി മുൻ വർഷങ്ങളിൽ ഷാപ്പ് നടത്തി വന്നിരുന്ന ലൈസൻസികൾക്ക് മുൻഗണന നൽകി, ഗ്രൂപ്പുകളായി തിരിച്ച് ഷാപ്പ് വില്പന നടത്തി വരുന്നു. കള്ളുഷോപ്പുകൾ 3 വർഷത്തേക്ക് അനുവദിക്കണമെന്ന ട്രേഡ് യൂണിയനുകളുടെ ആവശ്യം പരിഗണിച്ച് നടപ്പു വർഷം കള്ളു ഷോപ്പുകൾ 3 വർഷത്തേക്ക് വില്പന നടത്തുകയുണ്ടായി. ഓരോ റെയ്ഞ്ചിലും ഓരോ ടോഡി പാർലർ/മാതൃകാ കള്ള്ഷാപ്പ് വിജ്ഞാപനം നടത്തി വില്പന നടത്തുകയുണ്ടായി. വില്പനയിൽ പോകാത്ത ഷോപ്പുകൾ തുറന്നു പ്രവർത്തിക്കുന്നതിനായി മുൻകൂർ കെട്ടിവയ്ക്കേണ്ട തൊഴിലാളികളുടെ ഒരു മാസത്തെ വേതനം, മൂന്നുമാസത്തെ ക്ഷേമനിധി തുക, വൃക്ഷക്കരം എന്നിവ അടയ്ക്കുന്നതിനുള്ള വ്യവസ്ഥകൾ പൂർണ്ണമായി ഒഴിവാക്കി നാമമാത്ര റെന്റലിന് ഷാപ്പൊന്നിന് 500 രൂപ നിരക്കിൽ തൊഴിലാളി കമ്മിറ്റികളെ ഏല്പിക്കാൻ തീരുമാനിച്ചത് തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ്.

2014-17 വർഷം വില്പനയ്ക്കുവെച്ച 5194 കള്ളുഷാപ്പുകളിൽ 4219 എണ്ണം ആദ്യഘട്ടത്തിൽ തന്നെ വില്പനയിൽ പോയി. തുടർന്ന് റെന്റൽ തുക 50% കുറച്ച് രണ്ടാംഘട്ട വില്പന നടത്തുന്നതിനും

| | | |
|---|---|---|
| | | എന്നിട്ടും വിറ്റുപോകാത്തവ തൊഴിലാളി കമ്മിറ്റികളെ ഏല്പിക്കുവാനും ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ 5194 കള്ളുഷാപ്പുകളിൽ 3783 എണ്ണം ലൈസൻസ് ചെയ്യുന്ന നടപടി ക്രമങ്ങൾ പൂർത്തിയായി കഴിഞ്ഞു. ശേഷിക്കുന്നവ വില്പന പൂർത്തിയാകുന്നതോടുകൂടി ലൈസൻസ് ചെയ്യുന്നതുമാണ്. സംസ്ഥാനത്താകെ 33619 രജിസ്റ്റേർഡ് തൊഴിലാളികൾ കള്ള് വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്നു. |
| (ബി) | കള്ളുവ്യവസായ വികസന ത്തിന് ബോർഡ് രൂപീകരി ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ബി) ഇക്കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ആഫീസർ